ഹോട്ടൽ മാനേജ്മെന്റ്	-	1
ജർമൻ	-	1
പൊളിറ്റിക്സ്	-	1
സ്റ്റാറ്റിസ്റ്റിക്സ്	-	10
മാത്തമാറ്റിക്സ്	-	46
കമ്പ്യൂട്ടർ സയൻസ്	-	8
കമ്പ്യൂട്ടർ ആപ്ലിക്കേഷൻ	-	5
മലയാളം	-	4
ഇംഗ്ലീഷ്	-	54
ഫിസിക്സ്	-	11
ഉറുദു	-	3
ഹിന്ദി	-	15
ഇസ്ലാമിക് ഹിസ്റ്ററി	-	1
അറബിക്	-	9
മ്യൂസിക്	-	2
ഫിലോസഫി	-	1
ആകെ	-	229

(സി) സ്ഥിരാദ്ധ്യാപകരുടെ ഒഴിവുകളിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതുമൂലം സ്ഥിരം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുന്നില്ല.

(ഡി) ഗവൺമെന്റ് കോളേജുകളിലെ ഒഴിഞ്ഞു കിടക്കുന്ന എല്ലാ അദ്ധ്യാപക തസ്തികകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽനിന്നും അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ശിപാർശ ലഭിക്കാത്തതാണ് കാലതാമസത്തിന് കാരണം. ഇക്കാര്യത്തിൽ പി.എസ്.സി.യുമായി ആശയവിനിമയം നടത്തുന്നുണ്ട്.

കയർ മേഖലയിലെ പ്രതിസന്ധി

26(*115) ശ്രീ. ജി. സുധാകരൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ പ്രതിസന്ധി രൂക്ഷമായി തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുറഞ്ഞ കൂലി നിരക്കും, അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യവും കയർ മേഖലയിലെ തൊഴിലാളികളെ സാരമായി ബാധിച്ചിട്ടുള്ള കാര്യം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത മേഖലയിൽനിന്നും തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കുണ്ടാകുന്നുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) നിലവിൽ കയർ മേഖലയിൽ എത്ര തൊഴിലാളികൾ തൊഴിലെടുക്കുന്നുണ്ട്, ഇവർക്ക് പ്രതിവർഷം ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്നുണ്ട് എന്നറിയിക്കാമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഇൻകം സപ്പോർട്ട് സ്കീം ഇപ്പോൾ നിലവിലുണ്ടോ; ഇതിന്റെ പ്രയോജനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) കയർ മേഖലയിലെ പ്രതിസന്ധി വിലയിരുത്തി അപ്പപ്പോൾ അവ പരിഹരിക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ചകിരിയുടെ ദൗർലഭ്യം കയർമേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിനും കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതി -'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും ' നടപ്പിലാക്കി വരുന്നു. നാളികേര വികസന ബോർഡുമായിട്ടുള്ള പ്രോജക്ടിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ ചകിരിയുടെ ദൗർലഭ്യവും അടിക്കടിയുണ്ടാകുന്ന വില വ്യതിയാനവും കയർ മേഖലയെ അപേക്ഷിച്ച് നിർമ്മാണ മേഖല ഉൾപ്പെടെ കൂലി കൂടുതലുള്ള മറ്റു മേഖലകളിലേക്കുള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കും ഉൾപ്പെടെയുള്ള കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കയർ മേഖലയിൽ 3.75 ലക്ഷത്തോളം തൊഴിലാളികൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. കയർ മേഖലയിൽ സഹകരണ വിഭാഗത്തിൽ 90,000 തൊഴിലാളികൾക്ക് പ്രതിവർഷം ശരാശരി 155 തൊഴിൽദിനങ്ങൾ ലഭിക്കുന്നു.

(ഡി) മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഇൻകം സപ്പോർട്ട് സ്കീം ഇപ്പോൾ നിലവിലുണ്ട്. ഇൻകം സപ്പോർട്ട് സ്കീമിന്റെ പ്രയോജനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. കയർപിരി മേഖലയിലെ തൊഴിലാളികളുടെ കൂലി 150 രൂപയിൽനിന്നും 300 രൂപയായും ഉൽപ്പാദന മേഖലയിലെ തൊഴിലാളികളുടെ കൂലി 360 രൂപയിൽ നിന്നും 500 രൂപയായും വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly